## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.380 — 23.01.2018 ൽ മറുപടിയ്ക്ക്

### നിത്യോപയോഗ സാധനങ്ങളുടെ വില

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.പി.ടി. തോമസ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) അരിയുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില പൊതു വിപണിയിൽ ക്രമാതീതമായി വർദ്ധിച്ചത് സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കിയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) അരിയുടെ വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും പയറു വർഗ്ഗങ്ങളുടെയും സുഗന്ധ വ്യഞ്ജനങ്ങളുടെയും വിലയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് കമ്പോള ഇടപെടലുകളിലൂടെയും കരിഞ്ചന്തക്കും പൂഴ്ത്തി വയ്പിനും എതിരായി ശക്തമായ നടപടികൾ സ്വീകരിച്ചും നിയന്ത്രിച്ചിരുന്ന വില വർദ്ധനയുടെ തോത് നിയന്ത്രിക്കുന്നതിന് ഈ സർക്കാറിന് സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) സപ്ലൈകോ മുഖാന്തിരം ക്രിയാത്മകമായ കമ്പോള ഇടപെടൽ നടത്തി പൊതുവിപണി വില നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കമ്പോള ഇടപെടലിനായി നടപ്പു സാമ്പത്തിക വർഷം 200 കോടി രൂപ അനുവദിക്കുകയും പൊതു വിപണിയിലെ അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം അരിക്കടകൾ തുറക്കുകയും ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രയിൽ നിന്ന് നേരിട്ട് ജയ അരി സംഭരിച്ച് കിലോഗ്രാമിന് 25 രൂപ നിരക്കിൽ വില്പന നടത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇടനിലക്കാരെ ഒഴിവാക്കി വിവിധ സംസ്ഥാനങ്ങളിൽ നിന്നും അരി നേരിട്ട് സംഭരിക്കുവാൻ സ്വീകരിച്ച നടപടി പരാജയപ്പെടുവാനുണ്ടായ കാരണമെന്തെന്ന് വിശദമാക്കാമോ; | (സി) നടപടി പരാജയപ്പെട്ടിട്ടില്ല. 2017 ലെ ഓണ ക്കാലത്ത് ആന്ധ്രാ പ്രദേശിലെ വിവിധ മില്ലുകളിൽ നിന്നും ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 51650 ക്വിൻറൽ ജയ അരി 34.48/kg നിരക്കിൽ വാങ്ങി കിലോഗ്രാമിന് 25 രൂപ നിരക്കിൽ വില്പന നടത്തി വില വർദ്ധനവ് നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സബ്സിഡിയിനമായ ജയ അരി, കുറുവ അരി എന്നിവയുടെ വില സപ്ലൈകോ വർദ്ധിപ്പിച്ചത് പൊതു കമ്പോളത്തിൽ അരി വില ക്രമാതീതമായി വർദ്ധിക്കുവാൻ ഇടയാക്കിയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | സപ്ലൈകോ വില്പന ശാലകൾ വഴി വിൽക്കുന്ന ജയ അരി, കുറുവ അരി എന്നിവയുടെ സബ് സിഡി വില്പന വിലകൾ വർദ്ധിപ്പിച്ചിട്ടില്ല. |
| (ഇ) | അരിയുടെയും പച്ചക്കറിയുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധനവ് പിടിച്ച് നിർത്തി സാധാരണക്കാർക്ക് ആശ്വാസമെത്തിക്കുവാൻ ക്രിയാത്മകമായ നടപടികൾ ഉണ്ടാകുമോയെന്ന് വെളിപ്പെടുത്താമോ? | (ഇ) | നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ച് നിർത്തുന്നതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ വിൽക്കുന്ന 14 ഇനം അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. ഉപഭോക്തൃ സേവനം വ്യാപിക്കുന്നതിന്റെ ഭാഗമായി കൂടുതൽ വില്പനശാലകൾ തുറക്കുകയും ഇ-ടെണ്ടർ മുഖേനയും ആവശ്യമെങ്കിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് നേരിട്ട് സംഭരണം നടത്തിയും ഉത്സവ സീസണുകളിൽ കൂടുതൽ സ്പെഷ്യൽ ചന്തകൾ തുറന്നു നിത്യോപയോഗ സാധനങ്ങളുടെ മിതമായ നിരക്കിലുള്ള ലഭ്യത എല്ലാ ഉപഭോക്താക്കൾക്കും ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ